# മൗലാനാ അബുല്ലൈസ് അമരത്തിലെ കരുത്ത്

**ഡോക്ടർ അബ്ദുൽ മുഗ്നി**

പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പഠിച്ച് വളരെ സൂക്ഷ്മതയോടും സന്തുലിതത്വത്തോടും കൂടി മാത്രമേ തന്റെ നിലപാടുകൾ അദ്ദേഹം വ്യക്തമാക്കിയിരുന്നുള്ളൂ. ഈ സൂക്ഷ്മതയും സന്തുലിതത്വവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാന ഗുണങ്ങളായിരുന്നു.

1947-ൽ ഇന്ത്യ വിഭജിക്കപ്പെടുന്ന സമയത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ ഒരേയൊരു അമീറും നേതാവും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ആയിരുന്നു. ജമാഅത്തിന്റെ സ്ഥാപകനും പ്രബോധകനും ചിന്തകനും സംഘാടകനുമെല്ലാം അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ രചനകളായിരുന്നു അക്കാലത്തെ ജമാഅത്തിന്റെ സാഹിത്യം. അതുകൊണ്ടുതന്നെ വിഭജനശേഷം ഇന്ത്യയിലവശേഷിച്ച ജമാഅത്ത് പ്രവർത്തകർക്ക് നേരിടേണ്ടിവന്ന ഏറ്റവും വലിയ പ്രശ്നം നേതൃത്വത്തിന്റേതായിരുന്നു. രാജ്യവും സമുദായവും ജമാഅത്തുമെല്ലാം കടുത്ത പ്രതിസന്ധിയിൽ ആയിരുന്നു. അന്ന്, മുസ്‌ലിംകളുടെ ശൈഥില്യം അതിന്റെ പാരമ്യതയിൽ എത്തിയിരുന്നു. അവരുടെ ഒരു സംഘടനയും സജീവമായിരുന്നില്ല. നിരാശയും നിഷ്ക്രിയത്വവും ആശയക്കുഴപ്പവും സാധാരണക്കാരെയും നേതൃരംഗത്തുള്ളവരെയും ഒരുപോലെ പിടികൂടിയിരുന്നു. നേതാവെന്ന നിലക്ക് ശ്രദ്ധേയമായ ഒരേയൊരു വ്യക്തിത്വം അക്കാലത്തുണ്ടായിരുന്നത് മൗലാനാ അബുൽ കലാം ആസാദായിരുന്നു. പക്ഷേ, അദ്ദേഹത്തോടൊപ്പം മുസ്‌ലിംകളുടേതായ ഒരു സംഘടന ഉണ്ടായിരുന്നില്ല. രാജ്യത്തെ ഏറ്റവും വലിയ ദേശീയപ്രസ്ഥാനത്തിന്റെ സുസമ്മതനായ ഒരു നേതാവായിരുന്നു അദ്ദേഹം. കോൺഗ്രസിന്റെ അധ്യക്ഷ പദവി ദീർഘകാലം അദ്ദേഹം വഹിക്കുകയും ചെയ്തിരുന്നു.

ഇത്തരമൊരവസ്ഥയിലാണ് അബുല്ലൈസ് സാഹിബ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ അമീറായി തെരഞ്ഞെടുക്കപ്പെടുന്നത്. ജമാഅത്തിന്റെ ഘടന ശിഥിലമായിപ്പോയിരുന്നതുകൊണ്ട് ജമാഅത്തിന്റെ നേതൃത്വവും പുനസ്സംഘാടനവും പൂജ്യത്തിൽനിന്ന് തുടങ്ങേണ്ട അവസ്ഥയാണ് സ്വതന്ത്ര ഭാരതത്തിലെ മറ്റു മുസ്‌ലിം നേതാക്കളിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി നദ്‌വി. വളരെ നിശബ്ദമായാണ് ജമാഅത്തെ ഇസ്‌ലാമിക്ക് അദ്ദേഹം നേതൃത്വം നൽകിയത്. സ്വന്തം വ്യക്തിത്വത്തിനു പകരം സംഘടനയെത്തന്നെ അദ്ദേഹം ഉയർത്തിക്കാണിച്ചു. കഴിഞ്ഞ നാൽപത്തിമൂന്നു വർഷക്കാലവും രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും ഐക്യത്തിന്റെ ഒരു പ്രതീകംപോലെ നിലകൊണ്ടു. വിവിധ സന്ദർഭങ്ങളിൽ വിവിധ സാമൂഹിക പ്രശ്നങ്ങളുടെ പരിഹരണത്തിന് വേണ്ടി മറ്റു വ്യക്തികളും സ്ഥപനങ്ങളുമായി അദ്ദേഹം സഹകരിച്ചുപ്രവർത്തിച്ചിട്ടുണ്ട്. അപ്പോഴെല്ലാം സേവനത്തിനാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. സ്വന്തം വ്യക്തിത്വത്തെ എപ്പോഴും അദ്ദേഹം പിന്നിലേക്കു മാറ്റിനിർത്തി. മുസ്‌ലിം മജ്‌ലിസെ മുശാവറയിൽ ഏറ്റവുമധികം സേവനമർപ്പിച്ചത് ജമാഅത്തെ ഇസ്‌ലാമിയാണ്. എന്നാൽ, ജമാഅത്ത് നേതാക്കൾ ഒരിക്കലും മുശാവറയെ തങ്ങളുടെ കയ്യിലൊതുക്കാൻ ശ്രമിക്കുകയുണ്ടായില്ല. മുസ്‌ലിം പേർസനൽ ലാ ബോർഡിലും ബാബരി മസ്ജിദ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലുമെല്ലാം ഇതേ വിധത്തിലാണ് ജമാഅത്ത് പ്രവർത്തിച്ചത്. രാജ്യത്തിന്റെയും മുസ്‌ലിം സമുദായത്തിന്റെയും നന്മക്കായുള്ള എല്ലാ പ്രവർത്തനങ്ങളിലും സ്ഥാനമോഹങ്ങളിൽനിന്നും കക്ഷി സങ്കുചിതത്വങ്ങളിൽനിന്നും ഉയർന്നുനിന്നുകൊണ്ടാണ് ജമാഅത്ത് ഇതപര്യന്തം സഹകരിച്ചു പോന്നിട്ടുള്ളത്. ഈയൊരു സ്വഭാവം ജമാഅത്തിന് നൽകിയത് മൗലാനാ അബുല്ലൈസ് സാഹിബിന്റെ നേതൃത്വമാകുന്നു.

സറായെമീറിലെ മദ്രസത്തുൽ ഇസ്‌ലാഹിൽനിന്നും ലഖ്നോവിലെ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമായിൽനിന്നും ബിരുദം നേടിയ ഒരു പണ്ഡിതനായിരുന്നു അബുല്ലൈസ് സാഹിബ്. നദ്‌വത്തുൽ ഉലമയിൽ അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. മത പണ്ഡിതനായിരിക്കെതന്നെ ഇംഗ്ലീഷും അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരു പത്രപ്രവർത്തകനെന്ന നിലക്ക് അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങളെല്ലാം തന്നെ പണ്ഡിതോചിതങ്ങളാണ്. സരളതയും യുക്തിഭദ്രമായ അപഗ്രഥനവും അവയുടെ സവിശേഷതയത്രെ. ഏതു വിഷയത്തെക്കുറിച്ചെഴുതുമ്പോഴും അതിന്റെ നാനാവശങ്ങളെക്കുറിച്ച് ആഴത്തിൽ അപഗ്രഥിച്ച് നല്ല ഉൾകാഴ്ചയോടും ദീർഘ ദൃഷ്ടിയോടും കൂടിയായിരിക്കും അദ്ദേഹമത് അവതരിപ്പിക്കുക. പേർസനൽ ലാ പ്രസ്ഥാനം ആരംഭിക്കുകയും അതിനു വേണ്ടി ബോർഡ് രൂപീകരിക്കുകയും ചെയ്യുന്നതിന് മുമ്പ് മുസ്‌ലിം വ്യക്തിനിയമ സംരക്ഷണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പാറ്റ്നയിലെ ഒരു പൊതുസമ്മേളനത്തിൽ അദ്ദേഹം ചെയ്ത അധ്യക്ഷ പ്രസംഗം ചരിത്രപ്രധാനമാണ്. ഭരണഘടനയിൽനിന്ന് ഏക സിവിൽ കോഡിനെ സംബന്ധിച്ച മാർഗനിർദേശക തത്ത്വം എടുത്തുകളഞ്ഞാലല്ലാതെ മുസ്‌ലിം വ്യക്തിനിയമത്തിന്റെ സംരക്ഷണത്തിന് ഒരുറപ്പും ലഭിക്കുകയില്ലെന്ന് ഈ പ്രസംഗത്തിലാണദ്ദേഹം പറഞ്ഞത്. പ്രസ്തുത ലാ പോയിന്റ് ആദ്യമായി ചൂണ്ടിക്കാണിച്ച വ്യക്തി അദ്ദേഹമത്രെ. മുസ്‌ലിം പേർസനൽ ലോ ബോർഡിന് ആദ്യം മുതൽ അവസാനം വരെയും അതൊരു വഴികാട്ടിയായിരുന്നിട്ടുണ്ട്. ആ ലക്ഷ്യം നേടിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെങ്കിലും.

മൗലാനയുടെ എഴുത്തുകൾ, പ്രസംഗങ്ങളെപ്പോലെതന്നെ ആവേശരഹിതവും നിർവികാരവുമായിരുന്നു. ചിന്തക്കും യുക്തിഭദ്രക്കുമാണ് അദ്ദേഹം ഊന്നൽ നൽകിയിരുന്നത്. വികാരാവേശത്തോടെ ഒരിക്കലും പ്രസംഗിക്കുകയോ എഴുതുകയോ ചെയ്തിട്ടില്ല അദ്ദേഹം. വളരെ തണുത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ ക്രമത്തോടുകൂടി ചിട്ടപ്പെടുത്തി പറയുന്നതാണദ്ദേഹം ഇഷ്ടപ്പെട്ടത്. ചിട്ടയും ക്രമവും ചിന്തയും സഹനവും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും അദ്ദേഹം പാലിച്ചിരുന്നു. ക്ഷമയും കൃതജ്ഞതാബോധവും ത്യാഗമനസ്ഥിതിയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും വലിയ സവിശേഷതകളായിരുന്നു.

അദ്ദേഹത്തിനുണ്ടായിരുന്നത്. മൗലാനാ മൗദൂദിയുടെ സാഹിത്യമല്ലാതെ മറ്റൊരു മൂലധനവും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നില്ല. അക്കാലത്ത് ജമാഅത്തിനെ സ്സംബന്ധിച്ചിടത്തോളം അതിന്റെ കേന്ദ്രം മുതൽ ശാഖകൾ വരെയുള്ളവയുടെ നിലനിൽപ് തന്നെ പ്രശ്നമായിരുന്നു. രാജ്യത്ത് നിലനിൽക്കുന്ന വർഗീയ ചുറ്റുപാടിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച ശരിയായ ചിത്രം അവതരിപ്പിക്കേണ്ടതും പ്രധാനമായിരുന്നു.

ഈ പ്രയാസങ്ങളെല്ലാം അതിജീവിക്കുന്നതിൽ മൗലാനാ അബുല്ലൈസ് പ്രകടിപ്പിച്ച മനക്കരുത്തും പാടവവുമാണ് ജമാഅത്തെ ഇസ്‌ലാമിയെ ഇന്ന് ഇന്ത്യൻ മുസ്‌ലിംകളുടെ ഏറ്റവും സുസംഘടിത സംഘടനയാക്കി വളർത്തിയത്. വ്യത്യസ്ത സന്ദർഭങ്ങളിൽ ജമാഅത്തിനെതിരെ വർഗീയതയും പ്രതിലോമതയും കാശ്മീരുമായി ബന്ധപ്പെടുത്തി ഭീകരപ്രവർത്തനവും ആരോപിക്കപ്പെട്ടിട്ടുണ്ട്. ആർ.എസ്.എസ്. എസിനോടൊപ്പം ഒരു അർധ സൈനിക സംഘടനയായും അതിനെ ചിലരെണ്ണിയിട്ടുണ്ട്. ജമാഅത്ത് പ്രവർത്തകർ നിരവധി വട്ടം ജയിലിലടക്കപ്പെട്ടിട്ടുണ്ട്. ജമാഅത്ത് നിരോധിക്കപ്പെട്ട സന്ദർഭവും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളും പത്രക്കാരും ജമാഅത്തിനെതിരിൽ നാനാതരം ആരോപണങ്ങൾ വർഷിച്ചിട്ടുണ്ട്. മുസ്‌ലിംകളിൽനിന്നും അമുസ്‌ലിംകളിൽനിന്നും ജമാഅത്തിന് എതിർപ്പുകളെ നേരിടേണ്ടി വന്നിട്ടുണ്ട്. ഇതെല്ലാമുണ്ടായിട്ടും, തികച്ചും അപക്വമായ ഒരു ചുറ്റുപാടിൽ ചിന്താപരവും പ്രവർത്തനപരവുമായ സമീചീനത കാത്തുസൂക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മുസ്‌ലിംകളോടും അമുസ്‌ലിംകളോടും ഗുണകാംക്ഷാപൂർവമായ നിലപാട് സ്വീകരിച്ചുകൊണ്ട് സംഘടനയെ അദ്ദേഹം മുന്നോട്ട് നയിച്ചു. അടിസ്ഥാനപരമായ നിലപാടിൽനിന്ന് ഒരിക്കലും അദ്ദേഹം പിൻമാറിയില്ല. ഇന്ന് രാജ്യത്തിലെ ഒരു പ്രധാനപ്പെട്ട സംഘടനയെന്ന നിലക്കുള്ള ജമാഅത്തിന്റെ വ്യക്തിത്വം വളരെ പ്രകടമാണ്. നിസ്സാരമല്ല ഈ നേട്ടം.

കലാപങ്ങളുടെയും പ്രകൃതി ക്ഷോഭങ്ങളുടെയും അവസരങ്ങളിൽ ജമാഅത്ത് നടത്തിയ വമ്പിച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ അബുല്ലൈസ് ഇസ്‌ലാഹിയുടെ നേതൃത്വത്തിൽ ജമാഅത്ത് സ്വീകരിച്ച പ്രവർത്തനമുഖം വ്യക്തമാക്കുന്നതാണ്. മൗലാനയുടെ നായകത്വത്തിൽ ഇന്ത്യയിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സ്വഭാവത്തെ ഏറ്റവും മെച്ചപ്പെട്ട വിധത്തിൽ പ്രതിഫലിപ്പിക്കാൻ ജമാഅത്തിനു കഴിഞ്ഞു.

അബുല്ലൈസ് സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്ത് ഒരു നീണ്ടകാലം പാർലമെന്റ് രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുകയുണ്ടായി. എങ്കിലും കുറച്ച് മുമ്പ് ജമാഅത്തംഗങ്ങൾക്ക് വോട്ടുചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കയാണ്. തെരഞ്ഞെടുപ്പിൽ നല്ല സ്ഥാനാർഥികൾക്കു വോട്ടു ചെയ്യണമെന്ന നിർദേശവും നൽകിയിരിക്കുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കുള്ള ജമാഅത്തിന്റെ ആദ്യ ചുവടുവെപ്പായിരിക്കാമിത്. അബുല്ലൈസ് സാഹിബിന്റെ നേതൃത്വകാലത്ത് തന്നെയാണ് ഈ ചുവടുവെപ്പ് നടത്തപ്പെട്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. അടിയന്തരാവസ്ഥ കഴിഞ്ഞ ഉടനെ സാഹചര്യങ്ങളുടെ താൽപര്യം മനസ്സിലാക്കി ജമാഅത്ത് ഭാവിയിൽ ഏതു ദിശ സ്വീകരിക്കണമെന്ന് കൂടി കാണിച്ചുകൊടുത്ത ശേഷമാണ് അബുല്ലൈസ് സാഹിബ് വിടപറഞ്ഞിരിക്കുന്നത്.